# പതിനാലാം കേരള നിയമസഭ

## പതിനൊന്നാം സമ്മേളനം

## നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.493

## 05-06-2018 ൽ മറുപടിക്ക്

**കോഴിക്കോട് ജില്ലയിൽ കിഫ്ബി വഴിയുള്ള പൊതുമരാമത്ത് പ്രവൃത്തികൾ**

| ചോദ്യം<br>ശ്രീ.പുരുഷൻ കടലുണ്ടി | മറുപടി<br>ശ്രീ. റ്റി.എം. തോമസ് ഐസക്<br>(ധനകാര്യവും കയറും വകുപ്പ് മന്ത്രി) |
|---|---|
| (എ) കോഴിക്കോട് ജില്ലയിൽ കിഫ്ബിയിലൂടെ നാളിതുവരെ എത്ര കോടി രൂപയുടെ പൊതുമരാമത്ത് പ്രവൃത്തികൾക്കാണ് അനുമതി നൽകിയിട്ടുള്ളത് എന്നറിയിക്കാമോ; | കോഴിക്കോട് ജില്ലയിൽ കിഫ്ബിയിലൂടെ നാളിതുവരെ (30-05-2018) 746.43 കോടി രൂപയുടെ 16 പൊതുമരാമത്ത് പ്രവൃത്തികൾക്കാണ് കിഫ്ബി അനുമതി നൽകിയിട്ടുള്ളത്. |
| (ബി) മുൻപ് ഉൾപ്പെടാതെ പോയതും എന്നാൽ പ്രധാനപ്പെട്ടതുമായ പൊതുമരാമത്ത് പ്രവൃത്തികൾക്ക് കിഫ്ബിയിൽ അനുമതി നൽകുന്നതിന് എന്തെങ്കിലും തടസ്സമുണ്ടോ;<br>(സി) പുതിയ പ്രവൃത്തികൾ കിഫ്ബിയിലൂടെ നടപ്പിലാക്കുന്നതിനുള്ള നടപടിക്രമങ്ങൾ അറിയിക്കാമോ? | കിഫ്ബി മാർഗനിർദ്ദേശരേഖകൾ പ്രകാരം ഒരു പദ്ധതി കിഫ്ബി വഴി നടപ്പിലാക്കണമെങ്കിൽ ബഡ്ജറ്റ് പ്രസംഗത്തിൽ കിഫ്ബി വഴി ഉൾപ്പെടുത്തി പ്രഖ്യാപിക്കുകയും തുടർന്ന്, ബന്ധപ്പെട്ട ഭരണവകുപ്പിന്റെ ഭരണാനുമതിയോടെ പദ്ധതിയുടെ വിശദമായ റിപ്പോർട്ട് കിഫ്ബിയിൽ സമർപ്പിക്കേണ്ടതാണ്. 2016-17 മുതൽ 2020-21 സാമ്പത്തിക വർഷം വരെയുള്ള അഞ്ചു വർഷ കാലയളവിനുള്ളിൽ 50,000 കോടി രൂപയുടെ പദ്ധതികൾ നടപ്പിലാക്കുക എന്നതാണ് സർക്കാരിന്റെ പ്രഖ്യാപിത ലക്ഷ്യം. എന്നാൽ ഇതിനോടകം തന്നെ 54,000 കോടി രൂപയിൽക്കവിഞ്ഞ കിഫ്ബി പദ്ധതികൾ സർക്കാർ പ്രഖ്യാപിച്ചു കഴിഞ്ഞു. ഇതിൽ 23414.4 കോടി രൂപയുടെ പദ്ധതികൾക്ക് കിഫ് ബോർഡ് അംഗീകാരവും നൽകി കഴിഞ്ഞു. പ്രഖ്യാപിച്ച പദ്ധതികൾ ഡി.പി.ആർ തയ്യാറാക്കി പ്രവർത്തിപഥത്തിലെത്തിക്കുന്നതിനാണ് കിഫ്ബി പരിശ്രമിക്കുന്നത്. ഇനിയും പുതിയ പദ്ധതികൾക്ക് അംഗീകാരം നൽകുന്നത് കിഫ്ബിയുടെ തിരിച്ചടവിനെ |

| | |
|---|---|
| | പ്രതികൂലമായി ബാധിക്കുമെന്നതിനാൽ പൊതുവിൽ പുതിയ പദ്ധതികൾ കിഫ്ബി മുഖേന ഏറ്റെടുക്കേണ്ടതില്ല എന്നതാണ് തീരുമാനം. ബഡ്ജറ്റിൽ പ്രഖ്യാപിക്കാത്ത പദ്ധതികൾ കിഫ്ബിയിൽ ഉൾപ്പെടുത്തണമെങ്കിൽ മുഖ്യമന്ത്രിയുടെയും മന്ത്രിസഭയുടെയും അംഗീകാരത്തോടെ പദ്ധതി കിഫ്ബിയിൽ സമർപ്പിക്കേണ്ടതാണ്. ഭരണ വകുപ്പ് ചുമതലപ്പെടുത്തിയിട്ടുള്ള എസ്.പി.വി.കളാണ് (സ്പെഷ്യൽ പർപ്പസ് വെഹിക്കിൾ) പദ്ധതിയുടെ വിശദമായ പദ്ധതി റിപ്പോർട്ട് കിഫ്ബിയിൽ സമർപ്പിക്കേണ്ടത്. എസ്.പി.വി കൾ സമർപ്പിക്കുന്ന വിശദമായ പദ്ധതി റിപ്പോർട്ട് പരിശോധിച്ച് അംഗീകാരം നൽകുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ